**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1672** **19-09-2025 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തിരുവനന്തപുരം ജില്ലയിൽ പൂർത്തിയാക്കിയതും നിർമ്മാണം പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | **കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തിരുവനന്തപുരം ജില്ലയിൽ പൂർത്തിയാക്കിയതും നിർമ്മാണം പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾ**<br><br>**1) പട്ടം എം. എൻ സ്മാരക വാണിജ്യ സമുച്ചയം - പട്ടം ജംഗ്ഷൻ, തിരുവനന്തപുരം (കട മുറികൾ)**<br><br>**ബോർഡ് വക സ്ഥലത്ത് മൂന്ന് നില കോമേഴ്സ്യൽ കോംപ്ലക്സ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 18.07.2022-ൽ പൂർത്തീകരിച്ചു. കെട്ടിടത്തിലെ കടമുറികൾ വാടകയ്ക്ക് പ്രവർത്തിച്ചു വരുന്നു.**<br><br>**2)കാര്യവട്ടം സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ & ലൈബ്രറി സയൻസ് കെട്ടിടം (കൺസൾട്ടൻസി വർക്ക്)**<br><br>**കേരള യൂണിവേഴ്സിറ്റിയ്ക്ക് വേണ്ടി കാര്യവട്ടത്ത് സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ & ലൈബ്രറി സയൻസ് കെട്ടിട നിർമ്മാണം 21.10.2023-ൽ പൂർത്തീകരിച്ചു.**<br><br>**3) തിരുവനന്തപുരം, കാട്ടാക്കടയിൽ കോട്ടൂർ ആന പുനരധിവാസ- പരിപാലന കേന്ദ്രം (കൺസൾട്ടൻസി വർക്ക്)**<br><br>**കേരള വനം വകുപ്പിനുവേണ്ടി ബോർഡിന്റെ കൺൾട്ടൻസി വർക്കായ കോട്ടൂർ ആന പുനരധിവാസ പദ്ധതി പ്രകാരം വിവിധ പാക്കേജുകളിലായി പണികൾ പൂർത്തീകരിച്ച് 2024 ഒക്ടോബർ 11 ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.** |

| | | | |
|---|---|---|---|
| | | | **4)പി.ടി. ചാക്കോ നഗർ കൊമേർഷ്യൽ കം ഓഫീസ് കോംപ്ലക്സ് കെട്ടിടം, ഉള്ളൂർ തിരുവനന്തപുരം (ഓഫീസ് സ്പെയ്സ് & കടമുറികൾ)**<br><br>**ബോർഡ് വക സ്ഥലത്ത് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 30.04.2025-ൽ പൂർത്തീകരിച്ചു. നാല് നിലകളുള്ള വാണിജ്യ ഓഫീസ് സമുച്ചയ കെട്ടിടമാണ്. ഉള്ളൂർ ജംഗ്ഷനും മെഡിക്കൽ കോളേജിനും ഇടയിലായി പദ്ധതി ഭൂമി സ്ഥിതി ചെയ്യുന്നു.**<br><br><u>നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ</u><br><br>**1) കവടിയാർ-അമ്പലനഗർ നീലാംബരി അപ്പാർട്ട്മെന്റ് തിരുവനന്തപുരം - പാരസ്പര്യം പദ്ധതി 80 ഫ്ലാറ്റുകൾ - 11 നിലകൾ**<br><br>**ബോർഡ് വക സ്ഥലത്ത് 11 നിലകളിലായി 80 ഫ്ലാറ്റുകളുടെ പണികൾ ഇപ്പോൾ അന്തിമഘട്ടത്തിലാണ്. ഫ്ലാറ്റുകൾ എല്ലാം തന്നെ വില്പന നടത്തുകയും പണികൾ നാളിതുവരെ 95% ത്തോളം പൂർത്തീകരിച്ചിട്ടുമുണ്ട്.**<br><br>**2) വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ കെട്ടിടം, ബാലരാമപുരം, തിരുവനന്തപുരം**<br><br>**കേന്ദ്ര സർക്കാരിന്റെ സ്പെഷ്യൽ അസിസ്റ്റൻസ് റ്റു സ്റ്റേറ്റ്സ് ഫോർ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് പദ്ധതി പ്രകാരം ബാലരാമപുരത്ത് ബോർഡ് വക ഭൂമിയിൽ പുതിയ വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ പണികൾ ആരംഭിച്ചു.** |
| (ബി) | തിരുവനന്തപുരം ജില്ലയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പേരിലുള്ള ആസ്തി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | **തിരുവനന്തപുരം ജില്ലയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കൈവശത്തിലുള്ള സ്ഥലങ്ങളുടെയും, കൊമേർഷ്യൽ/ റസിഡൻഷ്യൽ കെട്ടിടങ്ങളുടെയും വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.** |
| (സി) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലെ ഗസ്റ്റ് ഹൗസുകൾ, ഹോസ്റ്റലുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ (സ്ഥലം, സൗകര്യങ്ങൾ, വാടക, നിബന്ധനകൾ) ലഭ്യമാക്കാമോ; | (സി) | **വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.** |
| (ഡി) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലെ ഗസ്റ്റ് ഹൗസുകൾ, ഹോസ്റ്റലുകൾ എന്നിവയിൽ ഏറ്റവും അവസാനം നടത്തിയ നവീകരണ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | **1) തിരുവനന്തപുരം ശാന്തിനഗറിലെ ഗസ്റ്റ്ഹൗസ് കെട്ടിടത്തിൽ പല തവണയായി അത്യാവശ്യമായി വരുന്ന ചെറിയ തോതിലുള്ള അറ്റകുറ്റ പണികൾ സമയാസമയം നടത്തിയിട്ടുണ്ട്. ഇതിൽ ഏറ്റവും അവസാനം ചെയ്തത് 03/12/2018-ൽ ചെയ്ത ഫ്ലോർ** |

| | | | |
|---|---|---|---|
| | | | **ടൈൽ വർക്ക്, ടോയ് ലെറ്റ് നവീകരണം, പെയിന്റിംഗ് തുടങ്ങിയ പണികളാണ്.**<br><br>**2) ബോർഡിന്റെ പേരൂർക്കടയിലുള്ള വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ കെട്ടിടത്തിൽ അടിയന്തരമായി ചെയ്യേണ്ടിയിരുന്ന അറ്റകുറ്റപണികളായ ടൈൽ വർക്ക്, ഇന്റർലോക്ക്, അനുബന്ധ അറ്റകുറ്റപണികൾ എന്നിവ 05.12.2024-ൽ നടത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

തിരുവനന്തപുരം ജില്ലയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കൈവശത്തിലുള്ള സ്ഥലങ്ങളുടെയും, കൊമേർഷ്യൽ / റസിഡന്റ്ഷ്യൽ കെട്ടിടങ്ങളുടെയും വിവരങ്ങൾ

| Sl. No. | Assets in Thiruvananthapuram District | Extent in Cents |
|---|---|---|
| 1 | Nalanchira | 6.40 |
| 2 | Punnackal Thope | 20.00 |
| 3 | Pandit colony | Undivided share |
| 4 | Pattom Commercial complex | 13.22 |
| 5 | Pattom quarters Commercial | 33.81 |
| 6 | Pattom-CRC | Undivided share |
| 7 | Balaramapuram Scheme-COC Building-5 shops at FF Rearside | Undivided share |
| 8 | Balaramapuram HAS | Undivided share |
| 9 | Balaramapuram Old Office | 20.00 |
| 10 | Balaramapuram Scheme Pond Area | 13.70 |
| 11 | Head Office- Santhi Nagar | 46.14 |
| 12 | Santhinagar Upper, Lower Zone & Guest House. 10 & 10 A since land area is a single parcel | 93.03 |
| 13 | Santhinagar B Block | 22.98 |
| 14 | PT Chacko Nagar Commercial Complex | 18.25 |
| 15 | KT Jacob Nagar | 29.74 |
| 16 | Jagathy | 29.78 |
| 17 | Nedumangad-RevenueTower | 194.08 |
| 18 | Nettayam | 63.00 |

| | | |
|---|---|---|
| 19 | AmbalaNagar (Neelambary)-UDS of land collected through sale agreement of Apartment to be deducted here | 62.62 |
| 20 | Working Women's Hostel Peroorkada | 20.57 |
| 21 | Jawahar Nagar | 15.78 |
| 22 | PTP Nagar | 11.56 |
| 23 | Kalpaka Nagar | 22.31 |
| 24 | Publication building | 5.11 |
| 25 | Innovative Buildings 2nd stage, Karamana | Undivided share |
| 26 | Apartment at Pattor KSHB Quarters- Pattoor | Undivided share |
| | **Total** | 742.08 |

**അനുബന്ധം 2**

**തിരുവനന്തപുരം ശാന്തിനഗറിൽ പ്രവർത്തിക്കുന്ന ഗസ്റ്റ് ഹൗസിന്റെ വാടക നിരക്ക് സംബന്ധിച്ച വിവരങ്ങൾ**

| **റൂം ടൈപ്പ്** | **റൂമിന്റെ എണ്ണം** | **കിടക്കകളുടെ എണ്ണം** | **റൂം നമ്പർ** | **പൊതു നിരക്ക്** | **ചെയർമാൻ / സെക്രട്ടറി എന്നിവരുടെ അതിഥികൾക്കുള്ള നിരക്ക്** | **ബോർഡ് ജീവനക്കാർ /മുൻ ബോർഡ് ചെയർമാൻ മുൻ സെക്രട്ടറി /ബോർഡിന്റെ അഭിഭാഷകർക്കുള്ള നിരക്ക്** | **കേന്ദ്ര /സംസ്ഥാന ജീവനക്കാർ/ മുൻ ബോർഡ് മെമ്പർമാർ /മുൻ ബോർഡ് ജീവനക്കാർക്കുള്ള നിരക്ക്** |
|---|---|---|---|---|---|---|---|
| AC | 1 | 1 | 5 | 1600 | 1000 | 1100 | 1300 |
| AC | 1 | 3 | 1 | 2000 | 800 | 900 | 1100 |
| AC | 2 | 2 | 4,7 | 1400 | 600 | 700 | 800 |
| AC | 1 | 1 | 3 | 1000 | 400 | 500 | 600 |
| Non AC | 1 | 2 | 8 | 1000 | 400 | 500 | 600 |
| Non AC | 1 | 1 | 2 | 800 | 300 | 400 | 500 |
| Dormitory (Non AC) | 1 | 6 | 6 | 500/ bed | 200/ bed | 200/ bed | 350/ bed |

**നിബന്ധനകൾ**

*വാടകക്ക് നിയമ പ്രകാരം ഉള്ള GST ബാധകമായിരിക്കും

* മുറികളിൽ അധികമായി താമസിക്കുന്ന ഓരോ ആളിനും സാധാരണ നിരക്കിനു പുറമെ 250/-രൂപ വീതം അധിക തുക വാടക ഇനത്തിൽ ഈടാക്കുന്നതാണ്.

**ഗസ്റ്റ് ഹൗസിൽ രാവിലെ 7 മണി മുതൽ രാത്രി 7 മണി വരെയുള്ള നിരക്ക്**

| റൂം ടൈപ്പ് | റൂമിന്റെ എണ്ണം | കിടക്കകളുടെ എണ്ണം | റൂം നമ്പർ | പൊതു നിരക്ക് | ചെയർമാൻ / സെക്രട്ടറി എന്നിവരുടെ അതിഥികൾക്കുള്ള നിരക്ക് | ബോർഡ് ജീവനക്കാർ /മുൻ ബോർഡ് ചെയർമാൻ മുൻ സെക്രട്ടറി /ബോർഡിന്റെ അഭിഭാഷകർക്കുള്ള നിരക്ക് | കേന്ദ്ര /സംസ്ഥാന ജീവനക്കാർ/മുൻ ബോർഡ് മെമ്പർമാർ /മുൻ ബോർഡ് ജീവനക്കാർക്കുള്ള നിരക്ക് |
|---|---|---|---|---|---|---|---|
| AC | 1 | 1 | 5 | 1000 | 500 | 600 | 800 |

| | | | | | | | |
|---|---|---|---|---|---|---|---|
| AC | 1 | 3 | 1 | 1200 | 500 | 550 | 700 |
| AC | 2 | 2 | 4,7 | 850 | 400 | 450 | 500 |
| AC | 1 | 1 | 3 | 600 | 250 | 300 | 400 |
| Non AC | 1 | 2 | 8 | 600 | 250 | 300 | 360 |
| Non AC | 1 | 1 | 2 | 500 | 200 | 250 | 300 |
| Dormitory (Non AC) | 1 | 6 | 6 | 300/Bed | 150/ Bed | 150/Bed | 250/Bed |

**പേരൂർക്കട വർക്കിംഗ് വിമൻസ് ഹോസ്റ്റൽ മാസ വാടക വിവരം ചുവടെ ചേർക്കുന്നു**

| ക്രമനമ്പർ | Type of Rooms | No. of rooms | No. of Beds | Rate per bed |
|---|---|---|---|---|
| 1 | Bath Attached (2 beds) | 4 | 8 | 3000 |
| 2 | Non Bath Attached (2 beds) | 4 | 8 | 2500 |
| 3 | Non Bath Attached (3 beds) | 13 | 39 | 2250 |
| 4 | Dormitory (6 beds) | 3 | 18 | 2000 |
| | | 24 | 73 | |